കോഴിക്കോട് സർവ്വകലാശാല ഹോസ്റ്റലുകളിലെ പ്രവേശനം

16 (1052) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. ടി. വി. രാജേഷ് :
ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് സർവ്വകലാശാലയിൽ റെഗുലർ വിദ്യാർത്ഥികൾക്ക് അനുവദിച്ചിട്ടുള്ള ഹോസ്റ്റലുകളിൽ സ്വാശ്രയ കായിക വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകിയ വൈസ് ചാൻസലറുടെ നടപടി സംബന്ധിച്ച് നിലപാട് വ്യക്തമാക്കാമോ ;

(ബി) ഇത്തരം തീരുമാനങ്ങൾ പൊതുവിദ്യാഭ്യാസത്തെ തകർക്കുന്നതിനും സ്വാശ്രയ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്കുവേണ്ടി റെഗുലർ വിദ്യാർത്ഥികളുടെ സൗകര്യങ്ങൾ കവർന്നെടുക്കുകയും ചെയ്യുന്ന പുതിയ കീഴ്വഴക്കം സൃഷ്ടിക്കുന്നതിനും കാരണമാകുമെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ ;

(സി) വൈസ് ചാൻസലറുടെ തീരുമാനത്തിനെതിരെ പൊതുവിദ്യാഭ്യാസം സംരക്ഷിക്കണമെന്നാവശ്യപ്പെട്ട് സർവ്വകലാശാലാ കാമ്പസ് വിദ്യാർത്ഥികൾ നടത്തിവരുന്ന സമരം ഒത്തുതീർക്കുന്നത് സംബന്ധിച്ച് മുഖ്യമന്ത്രി നൽകിയ ഉറപ്പ് പാലിക്കപ്പെടാതെ പോയതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ ;

(ഡി) നാല് മാസമായി വിദ്യാർത്ഥികൾ നടത്തിവരുന്ന സമരം ഒത്തുതീർപ്പാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) കായിക വിദ്യാർത്ഥികൾക്ക് അവരുടെ സമയക്രമം അനുസരിച്ച് അതിരാവിലെ മുതൽ വൈകുന്നേരം വരെ പരിശീലനം നടക്കുന്നതിനാൽ ദിവസം തോറുമുള്ള യാത്ര ദുഷ്കരമാണ്. ആയതിനാൽ പ്രസ്തുത വിദ്യാർത്ഥികൾക്ക് കാമ്പസിൽ താമസ സൗകര്യം ഏർപ്പെടുത്തേണ്ടത് അത്യന്താപേക്ഷിതമായാണ് സർവ്വകലാശാല കാണുന്നത്.

(സി) സമരം ഒത്തുതീർപ്പാക്കുന്നതുസംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗതീരുമാനമനുസരിച്ച് കായിക വിദ്യാർത്ഥികൾക്കായി 3.7 കോടി രൂപ ചെലവിൽ സ്പോർട്സ് ഹോസ്റ്റൽ നിർമ്മിക്കാനുള്ള തീരുമാനം സിൻഡിക്കേറ്റ് കൈക്കൊള്ളുകയും പ്രസ്തുത ഹോസ്റ്റലിന്റെ നിർമ്മാണ പ്രവർത്തനം സി.പി.ഡബ്ല്യു.ഡി.-യെ എൽപ്പിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 9-3-2015-ന് വൈസ് ചാൻസലറുടെ നേതൃത്വത്തിൽ ചേർന്ന യോഗത്തിലും വിദ്യാർത്ഥികൾ നടത്തിവന്ന സമരം ഒത്തുതീർക്കാൻ ശ്രമിച്ചുവെങ്കിലും ഫലം കണ്ടില്ല. സമരം ഒത്തുതീർപ്പാക്കുന്നതിനുള്ള ശ്രമം ഇനിയും തുടരുന്നതാണ്.

മലപ്പുറത്ത് പുതുതായി അനുവദിച്ച സർക്കാർ വനിതാ കോളേജ്

17 (1053) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറത്ത് പുതുതായി അനുവദിച്ച സർക്കാർ വനിതാ കോളേജ് ആരംഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്, വിശദാംശം നൽകുമോ ;

(ബി) സ്പെഷ്യൽ ഓഫീസറുടെ നിയമനം, കോഴ്സുകൾ എന്നിവ സംബന്ധിച്ച് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ;

(സി) അടുത്ത അദ്ധ്യയന വർഷം ക്ലാസ്സുകൾ ആരംഭിക്കത്തക്ക രീതിയിൽ നടപടികൾ ഊർജ്ജിതപ്പെടുത്തുമോ ?

ഉത്തരം

(എ-സി) മലപ്പുറത്ത് പുതുതായി അനുവദിച്ച സർക്കാർ വനിതാ കോളേജിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനായി സ്പെഷ്യൽ ഓഫീസറെ നിയമിക്കുന്ന നടപടികൾ കോളേജ് വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ചുവരികയാണ്. കോഴ്സുകൾ സംബന്ധിച്ച റിപ്പോർട്ട് സ്പെഷ്യൽ ഓഫീസറാണ് ബന്ധപ്പെട്ട യൂണിവേഴ്സിറ്റിയുമായി കൂടിയാലോചിച്ച് കോളേജ് വിദ്യാഭ്യാസ വകുപ്പിന് സമർപ്പിക്കേണ്ടത്. ഈ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

സർക്കാർ, എയ്ഡഡ് കോളേജുകൾക്ക് സ്വയംഭരണാവകാശം

18 (1054) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ, എയ്ഡഡ് കോളേജുകൾക്ക് സ്വയംഭരണാവകാശം നല്കുന്നത് സംബന്ധിച്ച് വിദ്യാഭ്യാസ വിദഗ്ധരടക്കമുള്ളവരുടെ വിയോജാഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ദേശീയതലത്തിൽ പരാജയപ്പെട്ട ഒരു പദ്ധതി എന്ന് വിദ്യാഭ്യാസ വിദഗ്ധർ അഭിപ്രായപ്പെട്ട പ്രസ്തുത തീരുമാനം പുനഃപരിശോധിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly